(സി) ഓതറ—തിരുവല്ല ബസ്സ് സർവീസ്, റോഡിന്റെ ശോചനീയാവസ്ഥ കാരണം നിർത്തൽ ചെയ്തിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് 1979 സെപ്തംബർ മാസം 13-ാം തീയതിയിലെ മലയാളമനോരമയിൽ ''അവഗണിക്കപ്പെടുന്ന ഓതറ-പ്രദേശം'' എന്ന തലക്കെട്ടിൽ വന്ന ഒരു റിപ്പോർട്ടു ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(എഫ്) രണ്ട് കരാറുകാർ തമ്മിലുള്ള മൽസരം കാരണമാണ് ജോലികൾ ആരംഭിക്കാത്തത് എന്നറിയുന്നത് ശരിയാണോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റോഡിന്റെ പണി രണ്ടു പ്രത്യേക കരാറുകൾ പ്രകാരമാണ് ഏർപ്പാടുചെയ്തത്. 9-5-1979-ൽ അവസാനിച്ച ആദ്യകരാർ റോഡിന്റെ പൊതുവായ അറ്റകുറ്റപണികൾ ചെയ്യുകയും റോഡു മെറ്റൽ ചെയ്യുന്നതിനാവശ്യമായ മെറ്റൽ എത്തിച്ചു കൊടുക്കുക എന്നീ ആവശ്യങ്ങൾക്കായിരുന്നു. ആദ്യ കരാർ അനുസരിച്ചുള്ള മെറ്റൽ നേരത്തെതന്നെ റോഡിൽ എത്തിച്ചുവെങ്കിലും മെറ്റൽ വിരിക്കുന്നതിനായി മറ്റൊരുകരാർ പിന്നീടാണ് ഉണ്ടാക്കിയത്. പണി താമസിയാതെ ആരംഭിക്കുന്നതാണ്.

(സി) മൂന്നു നാലുദിവസം ഈ റോഡിലൂടെയുള്ള ബസ്സ് സർവീസ് നിർത്തിയിരുന്നു. പക്ഷെ ഇതു റോഡിന്റെ ശോച്യാവസ്ഥ കാരണമല്ല.

(ഡി, ഇ) ഉണ്ട്. പണി ആരംഭിക്കാനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു.

(എഫ്) ശരിയല്ല. ബി-യുടെ മറുപടിയും കാണുക.

കല്ലിശ്ശേരി—ഇരവിപേരൂർ റോഡിന്റെ ശോച്യാവസ്ഥ

177 [261] ഡോ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ താലൂക്കിലെ കല്ലിശ്ശേരി—ഇരവിപേരൂർ റോഡിന്റെ ശോച്യാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു ജോലിയും ആരംഭിച്ചിട്ടില്ല എന്നറിയുന്നത് ശരിയാണോ;

(സി) റോഡിന്റെ ഇപ്പോഴത്തെ ശോച്യാവസ്ഥ കണക്കിലെടുത്ത് ഈ ജോലികൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) ഓതറ മാർത്തോമാ പള്ളിയുടെ സമീപത്തുള്ള അപകടകാരിയായ വളവുകൾ ഒഴിവാക്കി ഗതാഗതം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി) ഉണ്ട്. ഈ റോഡ് മെച്ചപ്പെടുത്തുന്നതിനായി 3.21 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ (ബി. ആൻഡ് ആർ., സൗത്ത് സർക്കിൾ, തിരുവനന്തപുരം) പരിഗണനയിലിരിക്കുകയാണ്. ഇതിലേക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 50,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ഡി) ഓതറ മാർത്തോമാപ്പള്ളിയുടെ സമീപമുള്ള വളവുകൾ തീർക്കുന്നതിലേക്കാവശ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ വളവുകൾ തീർക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ലക്ഷംവീടു പദ്ധതിയുമായി സഹകരിക്കാത്ത പഞ്ചായത്തുകൾ

178 [267] ശ്രീ. എൻ. ഭാസ്ക്കരൻ നായർ:

,, ആർ. സുന്ദരേശൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ലക്ഷംവീടു പദ്ധതിയുമായി സഹകരിക്കാത്ത കുറെ പഞ്ചായത്തു കമ്മിറ്റികളെങ്കിലും ഉണ്ടായിരുന്നതായി ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം പഞ്ചായത്തുകളിൽ പദ്ധതിക്കുവേണ്ടി വാങ്ങിയ സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നുവെന്നും പലരും കയ്യേറാൻ ശ്രമിക്കുന്നുവെന്നും ഉള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പണിത പല വീടുകളും സാരമായ അറ്റകുറ്റപ്പണികൾ കൂടാതെ താമസിക്കാൻ യോഗ്യമല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പദ്ധതിക്കുവേണ്ടി ഉപയോഗിക്കാത്ത സ്ഥലം ഹരിജനങ്ങൾക്കു ഭവനം നിർമ്മിക്കുന്നതിനും പണിത വീടുകൾക്ക് അറ്റകുറ്റപണികൾ നടത്തുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. പണിതു വിതരണംചെയ്ത വീടുകളുടെ അറ്റകുറ്റപണികൾ ഗുണഭോക്താക്കൾ തന്നെയാണ് നടത്തേണ്ടത് എന്ന വിവരം പരാതിക്കാരെ അറിയിച്ചിട്ടുണ്ട്.

(ഡി) ബി, സി ഇവയ്ക്കു നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly